"ഭരണഭാഷ – മാതൃഭാഷ"

നം. LSGD/JD/ALP/1366/2023-T1(1)

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്,
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ അനക്സ്,
ബോട്ട് ജെട്ടിയ്ക്ക് എതിർവശം
ആലപ്പുഴ- 688 013, തീയതി :13-10-2026
E-mail- tpalp.lsgdplng@kerala.gov.in
Tele. Fax No. 04772 253390

ടൗൺ പ്ലാനർ,
ആലപ്പുഴ.

സെക്രട്ടറി,
കായംകുളം നഗരസഭ.

സർ,

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ആലപ്പുഴ- അമൃത് 2.0- കായംകുളം നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യുന്നത്- സംബന്ധിച്ച്.

സൂചന: കായംകുളം നഗരസഭാ കൗൺലിന്റെ 15/07/2026 തീയതിയിലെ അടിയന്തിര യോഗത്തിന്റെ 1-ാം നമ്പർ തീരുമാനം.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കേന്ദ്ര പദ്ധതിയായ അമൃത് 2.0 പദ്ധതിയുടെ ഉപപദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി കായംകുളം നഗരസഭാ പ്രദേശത്തിന് വേണ്ടി മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിന് സൂചന പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണല്ലോ.

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ സെക്ഷൻ 36(1), 2021 ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(1) എന്നിവ പ്രകാരം നഗരസഭാ കൗൺസിൽ മാസ്റ്റർ പ്ലാൻ തയാറാക്കുവാൻ തീരുമാനിച്ചിട്ടുള്ള സംഗതിയിൽ അതിനുള്ള ഉദ്ദേശ്യം, ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ വ്യക്തമാക്കിക്കൊണ്ട് ഫാറം-II ൽ താഴെപ്പറയുന്നവയിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

1. ഔദ്യോഗിക ഗസറ്റ്,
2. തദ്ദേശാസൂത്രണ പ്രദേശത്ത് പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാന പത്രങ്ങൾ,
3. നോട്ടീസ് ബോർഡ്, കൂടാതെ
4. നഗരസഭയുടെ ഔദ്യോഗിക വെബ് സൈറ്റ്.

പ്രസ്തുത സാഹചര്യത്തിൽ, 2021 ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ പ്രകാരം മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിനുള്ള ഉദ്ദേശ്യം വ്യക്തമാക്കുന്ന ഫാറം-II നോട്ടീസ് ഔദ്യോഗിക ഗസറ്റ്, തദ്ദേശാസൂത്രണ പ്രദേശത്ത് പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാന പത്രങ്ങൾ, നോട്ടീസ് ബോർഡ്, നഗരസഭയുടെ ഔദ്യോഗിക വെബ് സൈറ്റ് എന്നിവയിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നറിയിക്കുന്നു. ആക്ട്, ചട്ടങ്ങൾ എന്നിവയുടെ പ്രസക്ത ഭാഗങ്ങൾ, ഫോറം-II നോട്ടീസിന്റെ കരട് എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്തയക്കുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം: മേൽ പ്രസ്താവിതം.

ഗ്ലാഡിസ് വില്യം,
ഡെപ്യൂട്ടി ടൗൺ പ്ലാനർ,
ആലപ്പുഴ.

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്, ആലപ്പുഴ-രത്നംപുള്ളി പി. ഒ.-688013

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | **2016 മാർച്ച് 17**<br>17th March 2016<br>**1191 മീനം 4**<br>4th Meenam 1191<br>**1937 ഫാൽഗുനം 27**<br>27th Phalguna 1937 | നമ്പർ<br>No. | **645** |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 19904/ലെഗ്.സി1/13/നിയമം. തിരുവനന്തപുരം, *2016 മാർച്ച് 17*
*1191 മീനം 4*
*1937 ഫാൽഗുനം 27.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2016 മാർച്ച് 17-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡി. സാജു,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.

33/1049/2016/S-2.

## 2016-ലെ 9-ാം ആക്റ്റ്

# 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്

ശാസ്ത്രീയ സ്ഥലപര ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ട്, സംസ്ഥാനത്തെ നഗര-ഗ്രാമപ്രദേശങ്ങളിലെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും വളർച്ച ക്രമീകരിക്കുന്നതിനും, അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും താമസക്കാർക്ക് മെച്ചപ്പെട്ട ശുചിത്വ നിലവാരങ്ങളും ആവശ്യങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—ശാസ്ത്രീയ സ്ഥലപര ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ട്, സംസ്ഥാനത്തെ നഗര-ഗ്രാമപ്രദേശങ്ങളിലെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും വളർച്ച ക്രമീകരിക്കുന്നതിനും, അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും താമസക്കാർക്ക് മെച്ചപ്പെട്ട ശുചിത്വ നിലവാരങ്ങളും ആവശ്യങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റുകാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2013 സെപ്റ്റംബർ 23-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

(എ) വികസന പ്രശ്നങ്ങളും, അതതുസംഗതിപോലെ, ഗ്രാമസഭ/ വാർഡ് സഭ/വാർഡ് കമ്മിറ്റി എന്നിവയുടെ നിർദ്ദേശങ്ങളുടെ ഏകോപനവും;

(ബി) സംയോജിത വികസനത്തിനുള്ള വികസന തന്ത്രങ്ങൾ;

(സി) കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, വനം, വ്യവസായം, ഗതാഗതം, അടിസ്ഥാന സൗകര്യം, ജലം, ഡ്രെയിനേജ്, മലിനജലം, ഖരമാലിന്യ നിർമ്മാർജ്ജനം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജ്ജം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളുടെ മേഖലാടിസ്ഥാനത്തിലുള്ള വികസന നയങ്ങളും തന്ത്രങ്ങളും നിർദ്ദേശങ്ങളും, നിർദ്ദേശത്തിന്റെ ഘട്ടം തിരിക്കൽ മുതലായവയും;

(ഡി) കേന്ദ്രസർക്കാർ വകുപ്പുകൾ, സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഏകാംഗീകൃത നികായങ്ങൾ, സഹകരണസംഘങ്ങൾ, സ്വകാര്യസംയുക്തമേഖലകൾ എന്നിവയും മറ്റു വിധത്തിലും അല്ലെങ്കിൽ മേൽപ്പറഞ്ഞവയോ മറ്റു വിധത്തിലോ നടപ്പിലാക്കേണ്ട മേഖലാതലത്തിലുള്ള സ്കീമുകളുടെയും പദ്ധതികളുടെയും കണ്ടെത്തൽ ഉൾപ്പെടാവുന്ന നടപ്പിലാക്കൽ സംവിധാനം;

(ഇ) സാമ്പത്തിക ആവശ്യകതകളും വിഭവസമാഹരണ നിർദ്ദേശങ്ങളും;

(എഫ്) ഈ ആക്റ്റിന്റെ ഉദ്ദേശ്യം നടപ്പിലാക്കുന്നതിനാവശ്യമെന്ന് കരുതുന്ന മറ്റേതെങ്കിലും സംഗതി;

(ജി) നിരീക്ഷണ പുനരവലോകന സംവിധാനം.

36. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടിക്രമം.—(1) ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ, ഏതു സമയത്തും, പ്രമേയംവഴി, തദ്ദേശ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ സ്വീകരിക്കുന്നതിനോ തീരുമാനിക്കാവുന്നതാണ്

(2) മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ സർക്കാരിന്റെ നഗര-ഗ്രാമാസൂത്രണ വകുപ്പുമായും മറ്റ് സർക്കാർ വകുപ്പുകളുമായും ഏജൻസികളുമായും കൂടിയാലോചിച്ച് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്ലാൻ തയ്യാറാക്കുന്നതിന് പ്രമേയം വഴി തീരുമാനമെടുത്ത തീയതി മുതൽ രണ്ട് വർഷത്തിനകം, അങ്ങനെയുള്ള പ്ലാനുകൾ ഏതെങ്കിലും നേരത്തെ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ, അവ പുനരവലോകനം ചെയ്തതിനുശേഷം തദ്ദേശാസൂത്രണ പ്രദേശത്തിനോ

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ഞായർ<br>Thiruvananthapuram,<br>Sunday | 2021 നവംബർ 14<br>14th November 2021<br>1197 തുലാം 29<br>29th Thulam 1197<br>1943 കാർത്തികം 23<br>23rd Karthika 1943 | നമ്പർ<br>No. 3338 |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 16509/ലെഗ്.സി1/2020/നിയമം.

*തിരുവനന്തപുരം, 2021 നവംബർ 14*
*1197 തുലാം 29*
*1943 കാർത്തികം 23.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2021 നവംബർ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2021-ലെ 33-ാം ആക്റ്റ്
# 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ആക്റ്റ്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ചില പദപ്രയോഗങ്ങൾക്കു പകരം മറ്റ് ചില പദപ്രയോഗങ്ങൾ ചേർക്കൽ.—2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൽ (2016-ലെ 9) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),—

(i) "നഗര-ഗ്രാമാസൂത്രണ വകുപ്പ്" എന്ന വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അതിനു പകരം "തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "പെർസ്പെക്റ്റീവ് പ്ലാൻ" എന്ന വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അതിനു പകരം "സ്ഥലപര പെർസ്പെക്റ്റീവ് പ്ലാൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) യഥാക്രമം "ബോർഡ്" അല്ലെങ്കിൽ "സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡ്" എന്ന വാക്കുകൾ എവിടെയെല്ലാം വരുന്നുവോ അതിന് പകരം "സംസ്ഥാന നഗര-ഗ്രാമാസൂത്രണ കമ്മിറ്റി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 2-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ജി) മുൻഗണനാ പ്രവർത്തന പ്ലാൻ, അതിൽ തദ്ദേശാസൂത്രണ പ്രദേശത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടിയുള്ള മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പ്രധാന പദ്ധതികളും പ്രോജക്ടുകളോടുമൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള വികസന മുൻഗണനകളും കണക്കിലെടുത്ത്, സ്ഥലപര വികസനം സംബന്ധിച്ച് ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, ടൗൺ പഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് ആവശ്യമെന്ന് കരുതാവുന്ന അല്ലെങ്കിൽ, അതത് സംഗതിപോലെ, ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ നിർദ്ദേശിക്കാവുന്ന, ഹ്രസ്വ, ഇടത്തര, ദീർഘകാല മേഖലാ പരിപാടികളും പ്രോജക്ടുകളും പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഘട്ടങ്ങളും മുൻഗണനാ ക്രമങ്ങളും മറ്റേതെങ്കിലും വിവരങ്ങളും സൂചിപ്പിക്കേണ്ടതാണ്.”;

(2) (3)-ാം ഉപവകുപ്പിൽ, (xiii)-ാം ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“(xiv) സാമ്പത്തിക ആവശ്യകതകളും വിഭവസമാഹരണ നിർദേശങ്ങളും.”.

34. <u>35-ാം വകുപ്പ് വിട്ടുകളയൽ.</u>—പ്രധാന ആക്റ്റിലെ 35-ാം വകുപ്പ് വിട്ടു കളയേണ്ടതാണ്.

35. <u>36-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 36-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ, “സ്വീകരിക്കുന്നതിനോ തീരുമാനിക്കാവുന്നതാണ്" എന്ന വാക്കുകൾക്കുപകരം “തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോട് കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ തീരുമാനിക്കാവുന്നതും അതിനുള്ള ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും ആ പ്രദേശത്ത് പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാന പത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ, സമയബന്ധിതമായി പ്രസിദ്ധീകരിക്കേണ്ടതുമാണ്” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(2) മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ സർക്കാരിന്റെ തദ്ദേശ സ്വയം ഭരണ വകുപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2021 സെപ്റ്റംബർ 18<br>18th September 2021<br>1197 കന്നി 2<br>2nd Kanni 1197<br>1943 ഭാദ്രം 27<br>27th Bhadra 1943 | നമ്പർ<br>No. | 2736 |

### കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ആർ. ഡി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 44/2021/തസ്വഭവ.

*തിരുവനന്തപുരം, 2021 ആഗസ്റ്റ് 17*
*1197 ചിങ്ങം 1*
*1943 ശ്രാവണം 26.*

**എസ്. ആർ. ഒ. നമ്പർ 705/2021**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 112-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ നിർമ്മിക്കുന്നു, അതായത്:

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ എന്ന് പേര് പറയാം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിനായി സഹായിക്കുവാൻ കഴിവുള്ളതും ആറിൽ കുറയാതെ നാമനിർദ്ദേശം ചെയ്യപ്പെട്ടതുമായ മറ്റ് പ്രൊഫഷണൽ ഉദ്യോഗസ്ഥരും വിദഗ്ധരും:

എന്നാൽ, വർക്കിംഗ് ഗ്രൂപ്പുകൾക്ക് അതിലേയ്ക്ക് കൂടുതൽ അംഗത്തെ കോ-ഓപ്റ്റ് ചെയ്യുന്നതിനും അതിനെ ഏൽപ്പിച്ചിട്ടുള്ള ഏതെങ്കിലും കൃത്യം നിർവഹിക്കുന്നതിനായി ടാസ്ക് ഫോഴ്സുകൾ സജ്ജീകരിക്കുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) വർക്കിംഗ് ഗ്രൂപ്പുകൾ കഴിവതും പതിവായി കൂടേണ്ടതും അതിലെ ചർച്ചകൾ ഒരു സംക്ഷിപ്ത രൂപത്തിൽ കുറിച്ച് സൂക്ഷിക്കേണ്ടതുമാണ്.

(5) കൺവീനറുടെ നിർബന്ധിത സാന്നിദ്ധ്യം ഉൾപ്പെടെ യോഗത്തിന്റെ ക്വാറം നാല് ആയിരിയ്ക്കുന്നതാണ്.

(6) മേഖലയുമായി ബന്ധപ്പെട്ട വിവരശേഖരണം, ക്രോഡീകരണം, വിശകലനം എന്നിവയ്ക്കും, തൽപരകക്ഷികളുമായുള്ള കൂടിയാലോചനകൾക്കും, വിവര ശേഖരണത്തിനും, മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് ജോലി-കൾക്കും ഏതെങ്കിലും സ്പേഷ്യൽ ഇന്റഗ്രേഷൻ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെങ്കിൽ, വർക്കിംഗ് ഗ്രൂപ്പുകൾ മാർഗ്ഗനിർദ്ദേശങ്ങളും, സഹായവും കൂടി നൽകേണ്ടതാണ്.

16. <u>കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ</u>.-(1) ഒരു മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനോ തയ്യാറാക്കിക്കുവാനോ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുവാനോ പ്രമേയം വഴി തീരുമാനിച്ച സംഗതിയിൽ അതിനുള്ള ഉദ്ദേശ്യം, ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ വ്യക്തമാക്കിക്കൊണ്ട് ഫാറം-II ൽ താഴെപ്പറയുന്നവയിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്, അതായത്:-

1) ഔദ്യോഗിക ഗസറ്റ്;

2) തദ്ദേശാസൂത്രണ പ്രദേശത്ത് പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാന പത്രങ്ങൾ;

3) നോട്ടീസ് ബോർഡ്; കൂടാതെ

4) ഔദ്യോഗിക വെബ് സൈറ്റ്;

(2) ആക്റ്റിലെ 39-ാം വകുപ്പ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ, അതിനെ ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം വ്യക്തമാക്കുന്ന വിജ്ഞാപനമായി കരുതപ്പെടേണ്ടതാണ്. ഈ സാഹചര്യത്തിൽ ഇക്കാര്യം ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ കഴിവതും വേഗം, ഔദ്യോഗിക വെബ് സൈറ്റിലും നോട്ടീസ് ബോർഡിലും തദ്ദേശാസൂത്രണ പ്രദേശത്ത് പ്രചുര പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് രണ്ട് വർത്തമാന പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(3) മാസ്റ്റർ പ്ലാൻ തയ്യാറാക്കാനോ, തയ്യാറാക്കിക്കാനോ പ്രമേയം വഴി തീരുമാനിച്ച സംഗതിയിൽ.-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം -II
[ചട്ടം 16(1) കാണുക]

--------------------- മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9-ാം ആക്റ്റ്)- ലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ------ വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോട്ടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം

(മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോട്ടു കൂടി സ്വീകരിക്കുന്നതിനോ പരിഷ്കരണങ്ങളില്ലാതെ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യം ഇവിടെ വിശദമാക്കുക)

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 36-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം-
----------- മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോട്ടുകൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ/തയ്യാറാക്കിക്കുവാൻ/പരിഷ്കരണങ്ങളോട്ടുകൂടി സ്വീകരിക്കുവാൻ/പരിഷ്കരണങ്ങളില്ലാതെ സ്വീകരിക്കുവാൻ ........ തീയതിയിൽ നടന്ന യോഗത്തിലെ ................. നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ

വടക്ക് ........................................

കിഴക്ക് .......................................

തെക്ക് ........................................

പടിഞ്ഞാറ് ...............................

(ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി

---------------------- ഹെക്ടർ

2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 36-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സെക്രട്ടറി | മേയർ/ചെയർ പേഴ്സൺ/പ്രസിഡന്റ്

സ്ഥലം :.....................
തീയതി : …………………..

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – II

[ചട്ടം 16(1) കാണുക]

കായംകുളം ~~മുനിസിപ്പൽ കോർപ്പറേഷൻ~~/മുനിസിപ്പൽ കൗൺസിൽ/~~ടൗൺ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്~~

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9-ാം ആക്ട് 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കായംകുളം പട്ടണത്തിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ~~തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ~~ ഉള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം

(രാജ്യത്തെ 50,000 ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളുടെ ആസൂത്രിത വികസനത്തിനായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് വേണ്ടി, കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള അമൃത് 2.0 പദ്ധതിയുടെ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം പട്ടണത്തിന്റെ ജി.ഐ.എസ്സ് അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യുന്നു)

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ്, 1-ാം ഉപവകുപ്പ് പ്രകാരം കായംകുളം ~~മുനിസിപ്പൽ കോർപ്പറേഷൻ/~~മുനിസിപ്പൽ കൗൺസിൽ/~~ടൗൺ പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്~~ താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോട് കൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ/ ~~തയ്യാറാക്കിക്കുവാൻ/ പരിഷ്കരണങ്ങളോടു കൂടി സ്വീകരിക്കുവാൻ/ പരിഷ്കരണങ്ങളില്ലാതെ സ്വീകരിക്കുവാൻ~~ 15/07/2026 തീയതിയിൽ നടന്ന യോഗത്തിലെ 1-ാം നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

എ) അതിരുകൾ:

വടക്ക് – പത്തിയൂർ ഗ്രാമപഞ്ചായത്ത്, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്.

കിഴക്ക് – കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്.

തെക്ക് – കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്.

പടിഞ്ഞാറ് – ദേവികുളങ്ങര ഗ്രാമപഞ്ചായത്ത്, കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്.

ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി –

2179 ഹെക്ടർ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ്, 1-ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സെക്രട്ടറി ചെയർപേഴ്സൺ

സ്ഥലം: ........................

തീയതി: ........................